ഉത്തരം

(എ) ബാർ ലൈസൻസ് അനുവദിക്കുന്നതിന് മുൻസിപ്പാലിറ്റികളെന്നോ പഞ്ചായത്തുകളെന്നോ വേർതിരിവില്ലാത്ത നിലവിലുള്ള വിദേശമദ്യച്ചട്ടം 13(3) പ്രകാരം ലൈസൻസ് അനുവദിക്കാവുന്നതാണ്.

(ബി) നിയമപ്രകാരമുള്ള അപേക്ഷ ലഭിച്ചാൽ ഈ കാര്യം പരിശോധിക്കുന്നതാണ്.

കള്ളുഷാപ്പുകളുടെ ലേലത്തുക

42 (314) ശ്രീ. കെ. മുഹമ്മദാലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം കള്ളുഷാപ്പുകളുടെ മൊത്തം ലേലത്തുക എത്രയായിരുന്നു;

(ബി) ഈ വർഷം കള്ളുഷാപ്പുകൾ മൊത്തം എന്തു തുകയ്ക്കാണ് ലേലത്തിൽ പോയത്;

(സി) കള്ളുഷാപ്പുകളുടെ ലേലത്തുക കൂടുവാനുള്ള കാരണമെന്ത്;

(ഡി) കഴിഞ്ഞ വർഷം ഇന്ത്യൻ നിർമ്മിത വിദേശമദ്യഷാപ്പുകൾ മൊത്തം എന്തു തുകയ്ക്കാണ് ലേലത്തിൽ പോയത്; ഈ വർഷം അവ എന്തു തുകയ്ക്കാണ് ലേലത്തിൽ പോയത്?

ഉത്തരം

(എ) 124,25,28,394 രൂപ.

(ബി) 146,44,07,079 രൂപ.

(സി) ചാരായ നിരോധനത്തെത്തുടർന്ന് കള്ളിന്റെ ഉപഭോഗത്തിലുണ്ടായ വർദ്ധനവും സാധാരണയുള്ള വാർഷിക വർദ്ധനവും കാരണം കള്ളുഷാപ്പുകളുടെ ലേലത്തുക വർദ്ധിച്ചു.

(ഡി) 1999-2000-112,13,85,136/ രൂപ.

2000-2001-122.95,97,13/രൂപ.

വർക്കലയിൽ ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്

43 (316) ശ്രീ. എ. അലി ഹസ്സൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിൽ ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് അനുവദിക്കുന്നകാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അടിയന്തിരമായി ഇതിലേയ്ക്കാവശ്യമായ ഉത്തരവ് നല്കുമോ;

(സി) എല്ലാ എക്സൈസ് റെയ്ഞ്ചാഫീസുകളിലും ടെലിഫോൺ സൗകര്യം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് ഈ തീരുമാനം നടപ്പാക്കിത്തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ടെലിഫോൺ സൗകര്യം ലഭ്യമല്ലാത്ത വകുപ്പിലെ എല്ലാ ഓഫീസുകളിലും ടെലിഫോൺ സ്ഥാപിക്കുന്നതിന് സർക്കാർ അനുവാദം നല്കുകയും 23.55.000 രൂപ അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. എന്നാൽ 1999-2000 വർഷത്തേയ്ക്കുള്ള ഫൈനൽ ഗ്രാന്റിൽ ഈ തുക അനുവദിക്കാൻ കഴിഞ്ഞില്ല. തുക അനുവദിക്കുന്ന മുറയ്ക്ക് എല്ലാ എക്സൈസ് റേഞ്ച് ഓഫീസുകളിലും ടെലിഫോൺ സൗകര്യം ഏർപ്പെടുത്തുന്നതാണ്.

വനവൽക്കരണം

44 (317) ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിക്ക് പട്ടയം നൽകുന്നതിനുപകരമായി ക്ഷയിച്ച വനഭൂമിയിൽ മരം വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിൽ ഉണ്ടായിരുന്നുവോ;

(ബി) എങ്കിൽ എത്ര ഹെക്ടർ സ്ഥലത്ത് വനവൽക്കരണം നടത്താനായിരുന്നു ലക്ഷ്യമിട്ടിരുന്നത്;

(സി) ഈ പദ്ധതി എന്നാണ് ആരംഭിച്ചത്;

(ഡി) ഇതുവരെ നടത്തിയ വനവൽക്കരണം എത്ര എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതിനായി ഇതുവരെ എന്തു തുക ചെലവഴിച്ചു?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) 57180 ഹെക്ടർ സ്ഥലത്ത്.

(സി) 1993-94 വർഷത്തിൽ ആരംഭിച്ചു.

(ഡി) 38099.59 ഹെക്ടർ സ്ഥലത്ത് വനവൽക്കരണം നടത്തിയിട്ടുണ്ട്.

(ഇ) ഇതുവരെ 45 കോടി 6 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly